# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 567

30/06/2016 -ൽ മറുപടിക്ക്

## തൃശൂർ ജില്ലയിലെ കനോലികനാലിലെ ജലപാതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുരളി പെരുനെല്ലി | ശ്രീ. പിണറായി വിജയൻ<br>(ബഹു: മുഖ്യമന്ത്രി) |
| (എ) തൃശൂർ ജില്ലയിലെ കനോലി കനാലിൽ നിലവിൽ ജലപാതകൾ ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) തൃശൂർ ജില്ലയിലെ കനോലി കനാലിൽ നിലവിലുള്ള ജലപാത പി.സി. കനാൽ (പൊന്നാനി-കൊച്ചിൻ കനാൽ) എന്ന പേരിൽ 68 കി.മീ നീളത്തിൽ ഉണ്ട്. |
| (ബി) കനാലിൽ പുതിയ ജലപാതകളുടെ നിർമ്മാണത്തിന് പദ്ധതികൾ ഉണ്ടെങ്കിൽ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | (ബി) മേൽപ്പറഞ്ഞ ജലപാത ഇപ്പോൾ ദേശീയ ജലപാതയുടെ ഭാഗമായി വിജ്ഞാപനം ചെയ്തിരിക്കുകയാണ്. ആയതിനാൽ പുതിയ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ദേശീയ ജലപാതയുടെ നിയമങ്ങൾക്ക് വിധേയമായി മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. ഈ പദ്ധതികൾ ദേശീയ ജലപാതയുടെ നിർമ്മാണപ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) യാണ് ആസൂത്രണം ചെയ്യുന്നത് |
| (സി) ഗുരുവായൂർ ക്ഷേത്രം, പാലയൂർ, പാവരട്ടിപള്ളികൾ, തൃപ്രയാർ, കൊടുങ്ങല്ലൂർ ക്ഷേത്രങ്ങൾ എന്നിവിടങ്ങളിലെ തീർത്ഥാടകരുടെ സൗകര്യാർത്ഥ്യമുള്ള ജലപാത നിർമ്മാണം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) സാധ്യതാ പഠനം നടത്തിയശേഷം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ